# സ്ത്രീവേദിയുടെ ജനസമ്പർക്ക യാത്ര

ഗിരിജ, കോഴിക്കോട്

സ്ത്രീ പീഡനങ്ങൾക്കും അക്രമരാഷ്ട്രീയത്തിനുമെതിരെ മാർച്ച് 20 മുതൽ 30 വരെ സംസ്ഥാനത്തുടനീളം 4 മേഖലാ ജാഥകൾ കേരളസ്ത്രീവേദി നടത്തി. സ്ത്രീകൾക്ക് നേരെ നടക്കുന്ന മനുഷ്യാവകാശലംഘനങ്ങളേയും അതിക്രമങ്ങളേയും വളരെ പ്രധാനപ്പെട്ട ഒരു സാമൂഹ്യപ്രശ്നമെന്ന നിലയിൽ ഈ തെരെഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്കിടയിൽ അവതരിപ്പിക്കുന്നതിനും സമൂഹമനസാക്ഷിയെ ഉണർത്താനുമാണ് കേരള സ്ത്രീവേദി ജനസമ്പർക്കയാത്ര നടത്തുന്നത്.

കേരളത്തിലെ സ്ത്രീകളുടെ സംഘർഷപ്രശ്നങ്ങളിൽ എന്ത് നിലപാടുകളാണ് വിവിധ രാഷ്ട്രീയ കക്ഷികളും മത്സരിക്കുന്ന സ്ഥാനാർത്ഥികളും പുതിയ ഗവൺമെന്റും കൈക്കൊള്ളുക എന്ന കാര്യം ഈ തെരെഞ്ഞെടുപ്പിൽ ഒരു ചോദ്യചിഹ്നമായിരിക്കണം എന്ന് കേരളസ്ത്രീവേദി അറിയിക്കുന്നു.

33% സ്ത്രീ പ്രാതിനിധ്യം ഭരണഘടനാ ഭേദഗതിയിൽ നിലനിർത്തണമെന്നത് പരസ്യമായി അനുകൂലിക്കുന്ന ഒരു രാഷ്ട്രീയ കക്ഷിപോലും നമ്മുടെ സ്ഥാനാർത്ഥി പട്ടികയിൽ 30% സ്ത്രീകളെയെങ്കിലും ഉൾപ്പെടുത്താൻ തയ്യാറായിട്ടില്ല.

1. അടുത്ത നിയമസഭാതെരെഞ്ഞെടുപ്പിൽ ലൈംഗികവ്യാപാര മേഖലകളിൽ ആരോപണവിധേയരും പ്രതിചേർക്കപ്പെട്ടവരും ആയവരെ സ്ഥാനാർത്ഥികളാക്കാതിരിക്കുക.
2. ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടവരെ രാഷ്ട്രീയപാർട്ടികളിൽനിന്ന് പുറത്താക്കുക.
3. എല്ലാ രാഷ്ട്രീയപാർട്ടികളും സ്ഥാനാർസ്ഥിനിർണ്ണയം നടത്തുമ്പോൾ 33% സ്ത്രീകൾക്ക് നൽകിക്കൊണ്ട് സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തുക.
4. നിലവിലുള്ള ലൈംഗികവ്യാപാരക്കേസ്സുകളിൽ സത്വരനടപടികൾ സ്വീകരിച്ച് വിചാരണനടപടികൾ ഉടനടി പൂർത്തിയാക്കുക.